"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയം - ട്രിഡയുമായുള്ള വാടക കരാർ പുതുക്കുന്നത് - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1930/2025/LSGD തീയതി,തിരുവനന്തപുരം, 05-08-2025

പരാമർശം:-

1. സ.ഉ.(സാധാ) നം. 3791/2008/തസ്വഭവ തീയതി 28/10/2008.
2. സ.ഉ.(സാധാ) നം. 2721/2019/തസ്വഭവ തീയതി 01/12/2019.
3. സ.ഉ.(സാധാ) നം. 4/2021/തസ്വഭവ തീയതി 01/01/2021.
4. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയം സെക്രട്ടറിയുടെ 14.07.2022, 24.01.2024, 12.02.2025 തീയതികളിലെ എ1/2915/19/ഒബിഡിഎൻ നമ്പർ കത്ത്.
5. ട്രിഡ സെക്രട്ടറിയുടെ 26.05.2023, 16.08.2024, 24.10.2024, 14.07.2025 തീയതികളിലെ ആർ3/3306/2008/ട്രിഡ നമ്പർ കത്ത്

**ഉത്തരവ്**

ട്രിഡയുടെ ഉടമസ്ഥതയിലുള്ള പാളയം സാഫല്യം കോംപ്ലക്സിലുള്ള 586.43 ചതുരശ്ര മീറ്റർ വരുന്ന O-3, O-4-ലുള്ള ഓഫീസ് സ്ഥലങ്ങൾ മാസവാടക അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയത്തിന്റെ പ്രവർത്തനത്തിനായി പരാമർശം (1) പ്രകാരം അനുവദിക്കുകയുണ്ടായി. പ്രസ്തുത വാടക കരാർ 28.10.2010 ന് അവസാനിക്കുകയും 12.05.2014 ന് വീണ്ടും പുതുക്കുകയും ആയതിന് 24.09.2014-ന് അനുമതി നൽകുകയും ചെയ്തിരുന്നു. ടി വാടക കരാറിലെ Clause IV-1 പ്രകാരം മൂന്നു വർഷത്തിലൊരിക്കൽ 15% വാടക വർദ്ധനവ് വരുത്തിക്കൊണ്ട് പുതുക്കേണ്ടതാണ്. തുടർന്ന്, പരാമർശം (2), (3) പ്രകാരം **28.10.2019** മുതൽ മൂന്ന് വർഷത്തേയ്ക്ക് **15%** വാടക വർദ്ധനവോടു കൂടി വാടക കരാർ പുതുക്കുന്നതിനും, അപ്രകാരം ട്രിഡയുമായി വാടകക്കരാറിൽ ഏർപ്പെടുന്നതിനും സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഓഫീസ് സ്പെയിസിന്റെ വാടക കരാർ **28/10/2022**-ൽ അവസാനിച്ചിട്ടുള്ളതിനാൽ **29/10/2022** മുതൽ വാടക വർദ്ധനവായ മൂന്ന് വർഷത്തിലൊരിക്കൽ **15%** വർദ്ധനവ് എന്ന നിരക്കിൽ **(2022-2025) (2025-2028)** എന്നീ വർഷത്തേക്ക് വാടക വർദ്ധനവ് വരുത്തി കരാർ പുതുക്കുന്നതിന് അനുമതി നല്കണമെന്ന് പരാമർശം (4), (5) പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയം സെക്രട്ടറി, ട്രിഡ സെക്രട്ടറി എന്നിവർ അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, തദ്ദേശസ്വയംഭരണ ഓംബുഡ്സ്മാൻ കാര്യാലയത്തിനായി O-3, O-4 എന്ന ഓഫീസ് സ്പെയിസിന്റെ വാടക കരാർ 29/10/2022 മുതൽ വാടക വർദ്ധനവായ മൂന്ന് വർഷത്തിലൊരിക്കൽ 15% വർദ്ധനവ് എന്ന നിരക്കിൽ (2022-2025) (2025-2028) എന്നീ വർഷത്തേക്ക് വാടക വർദ്ധനവ് വരുത്തി കരാർ പുതുക്കുന്നതിനും, പുതുക്കിയ നിരക്കിൽ ട്രിഡയുമായി കരാറിൽ ഏർപ്പെടുന്നതിനും തദ്ദേശസ്വയംഭരണ ഓംബുഡ്സ്മാൻ കാര്യാലയ സെക്രട്ടറിക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LALI K

ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയം, തിരുവനന്തപുരം.
സെക്രട്ടറി, ടിഡ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടൻ്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം അക്കൗണ്ടന്റ് ജനറൽ (E&RSA/G&SSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 05-08-2025 12:37:01

സെക്ഷൻ ഓഫീസർ